സ്കൂൾ ലൈബ്രറികൾ

47 (4656) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ലൈബ്രറികളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ സ്കൂളുകളിലും ലൈബ്രറികൾ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും?

ഉത്തരം

(എ) ഉണ്ട്.

(ബി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം 1184 സർക്കാർ ഹൈസ്കൂളുകൾക്ക് 2014-15 വർഷം സ്കൂൾ ലൈബ്രറികൾക്ക് ആവശ്യമായ പുസ്തകം വാങ്ങുന്നതിന് സ്കൂൾ ഗ്രാന്റായി 50,000 രൂപയിൽ നിന്നും പരമാവധി 10,000 രൂപ അനുവദിച്ചിട്ടുണ്ട്. സ്കൂൾ ലൈബ്രറികൾ ഓട്ടോമേഷനിലൂടെ ആധുനികവൽക്കരിക്കാനും എല്ലാ ആഴ്ചയിലും ലൈബ്രറി പീരിയഡ് ഉൾപ്പെടുത്താനും സ്കൂൾ കുട്ടികൾ അംഗങ്ങളായുള്ള ലൈബ്രറി കമ്മിറ്റി രൂപീകരിച്ച് എല്ലാ വർഷവും പുസ്തകങ്ങൾ വാങ്ങാനുള്ള സംവിധാനം ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

സ്കൂൾ പാഠപുസ്തക വിതരണം

48 (4657) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 അദ്ധ്യായന വർഷം വിതരണം ചെയ്യേണ്ട സ്കൂൾ പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തീകരിച്ചുവോ ; ആകെ എത്ര പുസ്തകങ്ങൾ അച്ചടിക്കേണ്ടതുണ്ട് ; നാളിതുവരെ എത്ര അച്ചടിച്ചു; എത്ര വിതരണം നടത്തി ; ഏത്ര സ്കൂളുകളിൽ പൂർണ്ണമായും വിതരണം നടത്തി ; ഇനി എത്ര സ്കൂളുകളിൽ വിതരണം നടത്തേണ്ടതുണ്ട്. ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പാഠപുസ്തകങ്ങൾ എപ്പോൾ വിതരണം നടത്തുവാനാണ് വകുപ്പിന്റെ തീരുമാനമെന്നും 2014 നവംബർ 30 വരെ എത്ര ശതമാനം വിതരണം നടത്തിയെന്നും അവസാന പരീക്ഷയ്ക്ക് എത്ര ദിവസം മുൻപ് വിതരണം പൂർത്തീകരിക്കുവാൻ വകുപ്പിന് കഴിയുമെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പുസ്തകങ്ങൾ അച്ചടിക്കുവാൻ ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയത് ; ഇതിന് ഈ അദ്ധ്യയന വർഷം നാളിതുവരെ ചെലവഴിച്ച തുക എത്ര ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) അച്ചടി പൂർത്തീകരിച്ചിട്ടുണ്ട്. ഒന്നു മുതൽ പത്താം ക്ലാസ്സുവരെയുള്ള 37762596 പുസ്തകങ്ങൾ അച്ചടിച്ചു. സ്കൂളുകളുടെ ഇൻഡന്റ് പ്രകാരം പാഠപുസ്തക വിതരണം പൂർത്തീകരിച്ചു. വിദ്യാഭ്യാസ ഉപ ഡയറക്ടർമാരിൽ നിന്നും കുറവുവന്ന പുസ്തകങ്ങളുടെ കണക്ക് ശേഖരിച്ച് ലഭിക്കേണ്ട പുസ്തകങ്ങളും ജില്ലകളിൽ എത്തിച്ച് വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. 2014-15 അദ്ധ്യായന വർഷത്തെ പ്ലസ് 1 പ്ലസ് 2 പാഠപുസ്തകങ്ങളുടെ ഇൻഡന്റ് ലഭിച്ച പ്രകാരമുള്ള അച്ചടി പൂർത്തീകരിച്ചിട്ടുണ്ട്. പ്ലസ് 1 ന്റെ 1456345 പുസ്തകങ്ങളും പ്ലസ് 2 ന്റെ 663761 പുസ്തകങ്ങളും അച്ചടിച്ച് വിതരണം നടത്തിയിട്ടുണ്ട്. ഇൻഡന്റ് ലഭിച്ച പ്രകാരമുള്ള എല്ലാ ജില്ലകളിലും വിതരണം നടത്തിയിട്ടുണ്ട്.

(ബി) ഇൻഡന്റ് ചെയ്തതനുസരിച്ച് നവംബർ 30-ന് മുമ്പുതന്നെ പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. പാഠപുസ്തകങ്ങൾ ഇനിയും കുറവ് ലഭിച്ചതായി രേഖപ്പെടുത്തിയതും അഡീഷണൽ ആയി പുസ്തകങ്ങൾ ആവശ്യപ്പെട്ട സ്കൂളുകൾക്ക് അതാത് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കണക്ക് പ്രകാരം വിതരണം ഡിസംബർ 15-ന് അകം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനോടകം ഇൻഡന്റ് ലഭിച്ച ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായിട്ടുണ്ട്. സ്കൂളുകളിൽ നിന്നും ഇപ്പോഴും ഇൻഡന്റ് ലഭിക്കുന്നുണ്ട്. ഇൻഡന്റ് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത സ്കൂളുകളിലേക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ വിതരണം നടത്തിവരികയാണ്. 2014 നവംബർ 30 വരെ ലഭിച്ച ഇൻഡന്റ് പ്രകാരമുള്ള ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായി കഴിഞ്ഞു.

(സി) ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ അച്ചടിക്കായി കെ.ബി.പി.എസ്.-നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കെ.ബി.പി.എസ്സിന് ഈ വർഷാരംഭം രണ്ട് കോടി രൂപ അഡ്വാൻസ് മാത്രമേ അനുവദിച്ചിട്ടുള്ളൂ. ബാക്കി തുക നൽകിയിട്ടില്ല. ഹയർ സെക്കണ്ടറി പാഠപുസ്തകം അച്ചടിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് സി-ആപ്റ്റിനെയാണ്. പ്ലസ് 1 ടെക്സ്റ്റ് ബുക്ക് അച്ചടിച്ച ഇനത്തിൽ ഇതുവരെ ഏകദേശം 9,35,08,088 രൂപയുടെ ബില്ലും, പ്ലസ് 2 ടെക്സ്റ്റ് ബുക്ക് അച്ചടിച്ച ഇനത്തിൽ ഇതുവരെ ഏകദേശം 8,66,183 രൂപയുടെ ബില്ലും പേപ്പർ ഇനത്തിൽ 1,63,49,349 രൂപയും പ്ലേറ്റ് ഇനത്തിൽ 1,83,856 രൂപയും ചെലവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly